NO14 7125

GOVERNMENT OF KERALA

# കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ് - കർഷകക്ഷേമം -കിസാൻ അഭിമാൻ പദ്ധതി - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

കൃഷി (ആസൂത്രണം ബി) വകുപ്പ്

സ.ഉ: (പി.) 22/09 / കൃഷി തിരുവനന്തപുരം, തീയതി: 31/1/2009

==========================================================

6015 TP

## ഉത്തരവ്

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷകക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി കിസാൻ അഭിമാൻ എന്ന പുതിയ പദ്ധതിയ്ക്ക് രൂപം നൽകുന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. കേരള ജനസമൂഹത്തിന്റെ ഭക്ഷ്യാവശ്യങ്ങൾക്കായി അദ്ധ്വാനിക്കുന്ന കർഷകർക്ക് അവരുടെ ജീവിത സായാഹ്നത്തിൽ സാന്ത്വനവും സഹായഹസ്തവു മേകാനായാണ് ഈ പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടത്തിൽ 10,000 കർഷകർക്ക് അംഗത്വം നൽകിയും ആകർഷകങ്ങളായ ആനുകൂല്യങ്ങൾ അനുവദിച്ചും കൂടുതൽ യുവജനങ്ങളെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുവാനും കാർഷിക വൃത്തി ഉപജീവന മാർഗ്ഗമായിട്ടുള്ള കർഷകരെ ആ മേഖലയിൽ സംരക്ഷിച്ചു നിർത്തുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കർഷകരുടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതി ലക്ഷ്യം വയ്ക്കുന്ന ഈ പദ്ധതിയുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.

1. പത്ത് വർഷത്തോളം കാർഷിക വൃത്തിയിൽ വ്യാപൃതനാകുകയും കൃഷി മുഖ്യ ഉപജീവന മാർഗ്ഗവുമായിട്ടുള്ള കർഷകന് ഈ പദ്ധതിയിൽ അംഗത്വത്തിനായി അപേക്ഷിക്കാവുന്നതാണ്. നെൽകൃഷി ചെയ്യുന്ന കർഷകർക്കായി അംഗത്വം പരിമിതപ്പെടുത്തുന്നതാണ്.

(25)

2. മറ്റ് ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭിക്കാത്തവരും, കൃഷിയിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരും ഒരു ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ളവരുമായ 60 വയസ് പൂർത്തിയായ പദ്ധതിയംഗങ്ങൾക്ക് 300 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിക്കുന്നതാണ്.
3. പദ്ധതിയംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 25,000 രൂപ ധന സഹായം അനുവദിക്കുന്നതാണ്. ആദ്യഘട്ടത്തിൽ അംഗത്തിന്റെ ഒരു മകൾക്ക് മാത്രമായും ഒരു വർഷം ആകെ 250 പേർക്ക് മാത്രമായും ഈ ധന സഹായം പരിമിതപ്പെടുത്തുന്നതാണ്.
4. പദ്ധതിയുടെ തുടർഘട്ടങ്ങളിൽ അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.
5. പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന കർഷകൻ മരണമടഞ്ഞാൽ പെൻഷന്റെ പകുതി തുക പരേതന്റെ ഒരു ആശ്രിതയ്ക്ക്/ ആശ്രിതന് (ഭാര്യ, അവിവാഹിതരായ മക്കൾ) കുടുംബ പെൻഷനായി നൽകുന്നതാണ്.

പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതും പ്രസ്തുത ക്ഷേമനിധിയിലേക്ക് ലഭിക്കുന്ന സംഭാവനകളും മറ്റും കൃഷി വകുപ്പ് ഡയറക്ടറുടെ പേരിൽ പ്രത്യേകമായി ആരംഭിക്കുന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുമാണ്. പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഈ അക്കൗണ്ടിലേക്ക് മാറ്റുന്നതും ഈ നിധിയിൽ നിന്നും പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ അനുവദിക്കുന്നതുമാണ്.

മേൽ വിവരിച്ച കിസാൻ അഭിമാൻ പദ്ധതി അംഗീകരിച്ചു കൊണ്ടും പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകികൊണ്ടും ഉത്തരവാകുന്നു.

പദ്ധതിക്കായി 2008-09 ബഡ്ജറ്റിലെ 2401-00-109-79 ശീർഷത്തിൽ വകയിരുത്തിയിട്ടുള്ള 100 ലക്ഷം രൂപ കൃഷി വകുപ്പ് ഡയറക്ടറുടെ പേരിൽ ആരംഭിക്കുന്ന പ്രത്യേക റ്റി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

123' (25)

കൃഷി വകുപ്പിൽ നിലവിലുള്ള ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണം നടപ്പാക്കേണ്ടതും ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പാടില്ലാത്തതുമാണ്.

പദ്ധതി നിർവ്വഹണം സംബന്ധിച്ച് ആവശ്യമായ മറ്റ് ഭരണപരമായ ക്രമീകരണങ്ങൾ കൃഷി വകുപ്പ് ഡയറക്ടർ ഉടനേ തന്നെ നടത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ. ജയകുമാർ

അഡീഷണൽ ചീഫ് സെക്രട്ടറി & കാർഷികോല്പാദന കമ്മീഷണർ

കൃഷി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ കൃഷി ഓഫീസർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (29.12.08-ലെ 85342/എ.ഡബ്ല്യൂ-ബി1/08/ധന നമ്പർ കുറിപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (28.1.09-ലെ മന്ത്രി സഭാ തീരുമാനം ഇനം നം. 3051.
ആസൂത്രണ സാമ്പത്തിക കാര്യ (സി.പി.എം.യു). വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Copy attested
18/03/09
ANILA MATHEW
Technical Assistant
Directorate of Agriculture
Vikas Bhavan
Thiruvananthapuram - 33